"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് — നോൺ ഗ്യാലന്റ്റി പുരസ്ക്കാരമായ അതി വിശിഷ്ട സേവാ മെഡൽ ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ് -ലഫ്റ്റനന്റ് ജനറൽ സതിഷ് രാമചന്ദ്രൻ അയ്യർ - ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.60/2023/SWD തീയതി,തിരുവനന്തപുരം, 13-11-2023

---

പരാമർശം:-
1. 26.08.17 ലെ സ.ഉ (എം.എസ്) നം.279/17/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
2. 01.04.2023 ലെ ഇന്ത്യ ഗവൺമെന്റ് ഗസറ്റ് നമ്പർ 13 (പാർട്ട് 1 സെക്ഷൻ 1)
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.10.2023-ലെ ബി6/NGA/13464/2023/ ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 സർ ക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നോൺ ഗ്യാലന്റ്റി പുരസ്കാര ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

അതിൻപ്രകാരം, അതി വിശിഷ്ട സേവാ മെഡൽ പുരസ്കാര ജേതാവായ ലഫ്റ്റനന്റ് ജനറൽ സതിഷ് രാമചന്ദ്രൻ അയ്യർ സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതും, പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 3 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നതുമാണ്.

സർക്കാർ ഈ വിഷയം പരിശോധിച്ച ലഫ്റ്റനന്റ് ജനറൽ സതീഷ് രാമചന്ദ്രൻ അയ്യർ-ന് അതിവിശിഷ്ട സേവാ മെഡൽ ലഭിച്ച വിവരം കേന്ദ്രസർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും സൂചന(1) ഉത്തരവ് പ്രകാരമുള്ള ക്യാഷ് അവാർഡിന് ലഫ്റ്റനന്റ് ജനറൽ സതിഷ് രാമചന്ദ്രൻ അയ്യർ അർഹനാണ്. പ്രസ്തുത സാഹചര്യത്തിൽ അതിവിശിഷ്ടസേവാ മെഡൽ ജേതാവായ ലഫ്റ്റനന്റ്

ജനറൽ സതിഷ് രാമചന്ദ്രൻ അയ്യർ, രാമചന്ദ്ര ഭവൻ, 543, പാലക്കാട്, പാലക്കാട്-678 014 - ന് സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് തുകയായി**50, 000/- രൂപ (അമ്പതിനായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം 2075-00-104-96 കണക്കിനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. ലഫ്റ്റനന്റ് ജനറൽ സതിഷ് രാമചന്ദ്രൻ അയ്യർ, രാമചന്ദ്ര ഭവൻ, എസ് 543, പാലക്കാട്-678 014.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 13-11-2023 15:49:01